# യോഹന്നാൻ 7, 37–39, 8, 12–20 ജീവനും പ്രകാശവും

**1. എവിടെനിന്നാണ് നീ കുടിക്കുന്നത് ?**

കൂടാരത്തിരുന്നാളിനിടക്ക് തന്റെ ചുറ്റും കൂടിയ യഹൂദരോട് യേശു ഒരു പ്രഖ്യാപനം നടത്തി...ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. (7, 37). ദാഹമുള്ളവരെയെല്ലാം യേശു തന്റെ അടുത്തേക്ക് വിളിക്കുന്നു. അവിടുന്ന് നൽകുന്ന ജീവ ജലം കുടിക്കാനാണ് അവിടുന്ന് അവരെ ക്ഷണിക്കുന്നത്. ഇതുകൊ് യേശു അർത്ഥമാക്കുന്നത് അവനിൽ വിശ്വസിക്കുക എന്നതാണ്. നല്ലയിടയൻ പ്രശാന്തമായ ജലാശയത്തിലേക്ക് തന്റെ ആടുകളെ നയിക്കുന്നതുപോലെ യേശുവും ലോകത്തെ മുഴുവൻ തന്നിൽ വിശ്വസിക്കുവാനായി ക്ഷണിക്കുന്നു.

ദാഹിക്കുന്നവൻ യേശുവിന്റെ അടുക്കൽ വന്നുകുടിച്ചാൽ അവരുടെ ദാഹം മാറും. മാത്രമല്ല എല്ലാവർക്കും ജീവൻ നൽകുന്ന നീരുറവയായി അവന്റെ ജീവിതം മാറും. ഒരുവൻ വിശ്വാസത്താൽ നിറയുമ്പോൾ അത് അയാൾക്കുമാത്രമല്ല മറ്റുള്ളവർക്കും കൂടി അനുഗ്രഹമായി മാറും. ജീവിതത്തിൽ ധാരാളം ആഗ്രഹങ്ങളും പ്രതീക്ഷകളും ഉള്ളവരാണ് നാം. വിശപ്പും ദാഹവും പോലെയാണ് ഇവ. പലപ്പോഴും ദാഹം മാറാതെ വിശപ്പുമാറാതെ ഓടിനടക്കുകയാണ് നാം. കാരണം നാം കുടിക്കുന്നത് ജീവജലം നൽകുന്ന ക്രിസ്തുവിൽ നിന്നല്ല എന്ന് സാരം. യേശുവിൽ അടിയുറച്ച് വിശ്വസിക്കുകയും അവിടുത്തെ പക്കൽ നിന്ന് ദാഹം തീർക്കുകയും ചെയ്യുമ്പോൾ മാത്രമെ നാം യഥാർത്ഥത്തിൽ സംതൃപ്തരാകൂ...മറ്റുള്ളവർക്ക് നാം അനുഗ്രഹമാകൂ..

നീ നിന്നോട് തന്നെ ചോദിക്കണം നീ എവിടെനിന്നാണ് കുടിക്കുന്നത്... വിഷമം മാറുവാൻ അടുത്തുള്ള മദ്യഷാപ്പിൽ നിന്ന് കുടിക്കുന്നവരെ കാണാറു്. അവർക്ക് അവരുടേതായ ന്യായീകരണങ്ങളുമു്. അച്ചാ കടം.. ദാരിദ്ര്യം.. രോഗം.. ഞാൻ പിന്നെ എന്താ ചെയ്യുക.. മേലാത്ത മകളുള്ള ഒരുചേട്ടനോട് ഞാൻ ചോദിച്ചു.. എന്തിനാ ഇങ്ങനെ കുടിച്ച് നശിക്കുന്നത്.. മറുപടി... എന്റെ മോളുടെ മുഖത്തോട്ട് നോക്കുമ്പോൾ സഹിക്കുന്നില്ലച്ചാ.. ചേട്ടൻ പള്ളിയിൽ പോകാറുോ..കൂദാശകൾ സ്വീകരിക്കാറുോ.. ഇല്ല.. ഞാൻ ആകെ പോകുന്നത് ഷാപ്പ് വരെയാ .. എന്റെ വിഷമം തീർക്കാനാ..ഇത്തരക്കാരുടെ വിഷമം മരിച്ചാലും തീരില്ല.... ക്രിസ്തുവിൽ നിന്ന് കുടിക്കണം നിന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ തീരണമെങ്കിൽ...അല്ലെങ്കിൽ നീ നിനക്കും മറ്റുള്ളവർക്കും ദുർഗന്ധം വമിക്കുന്ന അഴുക്കുചാലുകളാകും..ആരും കുടിക്കാൻ ഇഷ്ടപ്പെടാത്ത.. ആരും ആസ്വദിക്കാൻ ഇഷ്ടപ്പെടാത്ത..ആരും നോക്കാൻ ഇഷ്ടപ്പെടാത്ത വികൃതമായ അഴുക്കുചാലുകൾ..

**2. നീ പ്രകാശം സ്വീകരിക്കുന്നത് എവിടെനിന്ന് ?**

കഴിഞ്ഞ ദിവസം ഒരാൾ എന്നെ ഫോണിൽ വിളിച്ചു ചോദിച്ചു..അച്ചാ എന്റെ പുരയുടെ പിന്നാമ്പുറം ഒന്നു പൊളിച്ചു പണിയണം...വീട്ടിൽ ഒരു ഐശ്വര്യവുമില്ല. ഞാൻ ചോദിച്ചു ആരാ ഇത് പറഞ്ഞത്..കഴിഞ്ഞ ദിവസം ഒരു മുസ്ലീയാരോടു ഞങ്ങൾ ചോദിച്ചപ്പോൾ അയാള് പറഞ്ഞതാ.. നല്ല ഒരു വീട് അതിന്റെ പിന്നാമ്പുറം പൊളിച്ചു പണിയുവാൻ ഒരു രുലക്ഷം രൂപയെങ്കിലും വേവരും. ഇങ്ങനെ കാണുന്നവര് പറയുമ്പോഴൊക്കെ വീട് പൊളിച്ച് പണിയുന്നവന് ഒരിക്കലും സമാധാനമുാകില്ല.... കടവും തീരില്ല...ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവാണ് നിനക്ക് ജീവിതത്തിൽ ഐശ്വര്യം തരുന്നത്. ക്രിസ്തുവല്ലാത്ത പ്രകാശത്തിൽ നിന്ന് പ്രകാശം സ്വീകരിക്കാമെന്ന് നാം ധരിക്കുന്നുങ്കെിൽ ജീവിതം എപ്പോഴും അന്ധകാരത്തിലായിരിക്കും. മറിച്ച് എത്ര കൂരിരുട്ട് ജീവിതത്തിലുങ്കെിലും ക്രിസ്തുവിൽ ആശ്രയിച്ചാൽ നിനക്ക് ഐശ്വര്യമാകും..എന്തുചെയ്യണമെന്നറിയാതെ.. എങ്ങോട്ട് പോകണമെന്നറിയാതം വഴിമുട്ടുമ്പോൾ ജീവൻ നൽകുന്ന പ്രകാശം നൽകുന്ന ക്രിസ്തുവിലേക്ക് ചെല്ലുക...

**ഫാ. ജോസഫ് കോയിക്കൽ**